# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1878     15.07.2016-ൽ മറുപടിക്ക്**

## ക്ലോഷർ പിരീഡിൽ ഈറ്റ ശേഖരിക്കുന്നതിനുള്ള അനുമതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.റോജി.എം.ജോൺ** | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) ക്ലോഷർ പീരിഡിൽ ഈറ്റ ശേഖരിക്കുന്നതിന് പ്രത്യേക അനുവാദം അഭ്യർത്ഥിച്ചുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | എ) ക്ലോഷർ പീരിഡിൽ ഈറ്റ വെട്ടുന്നതിന് അനുവാദം ചോദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 31.05.2016-ലെ കത്ത് പ്രകാരം ക്ലോഷർ പീരിഡായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഈറ്റ ശേഖരിക്കുന്നതിനുള്ള അനുമതി ഈ വർഷവും ആഗസ്റ്റ് 31 വരെ നീട്ടി നൽകണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ട്. |
| ബി) ക്ലോഷർ പീരിഡിൽ ഈറ്റ ശേഖരിക്കാൻ കഴിയാത്തതിനാൽ ആദിവാസികൾ ഉൾപ്പെടെ ഇതുമായി ബന്ധപ്പെട്ട തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | ബി) ഈറ്റ വെട്ടാൻ കഴിയാതെ തൊഴിലാളികൾ ബുദ്ധിമുട്ടുന്നത് ഈ ശേഖരണ കാലയളവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറ്റു മാസങ്ങളിൽ ആവശ്യമുള്ളത്ര ഈറ്റ വെട്ടുന്നതിന് കോർപ്പറേഷന് അനുമതി നൽകാറുണ്ട്. അത് വെട്ടി സംഭരിക്കാമെങ്കിൽ ക്ലോഷർ പീരിഡിൽ ഈറ്റ വെട്ടാൻ കഴിയാത്തത് തൊഴിലാളികൾക്ക് ഒരു ബുദ്ധിമുട്ട് ആവുകയില്ല. |

. . . .2)

സി) മുൻ കാലങ്ങളിൽ നൽകുന്നതു പോലെ ക്ലോഷർ സമയം ഈറ്റ ശേഖരിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സി) ക്ലോഷർ പീരിഡിൽ ഈറ്റ വെട്ടുമ്പോൾ അതിന്റെ പുതു നാമ്പുകൾ നശിക്കുകയും ഈറ്റ സമ്പത്തിന് ഉൻമൂലനാശം സംഭവിക്കുകയും ചെയ്യുമെന്നതിനാൽ ക്ലോഷർ പീരിഡ് ഒഴികെയുള്ള ഒൻപത് മാസവും വേണ്ടത്ര ഈറ്റ വെട്ടുന്നതിന് അനുമതി നൽകാറുണ്ട്. ക്ലോഷർ പീരിഡിൽ മാത്രമേ നിയന്ത്രണം ഏർപ്പെടുത്താറുള്ളൂ.

08.07.2016-ലെ സ.ഉ(സാധാ) 266/ 2016/വനം. നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള കരാർ വ്യവസ്ഥകൾക്കു വിധേയമായി വരും വർഷങ്ങളിൽ ക്ലോഷർ പീരിഡിൽ ഈറ്റ ശേഖരണം അനുവദിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ഈറ്റയുടെ പുനരുൽപ്പാദനത്തെ ദോഷകരമായി ബാധിക്കാത്ത വിധത്തിൽ 2016-ലെ ക്ലോഷർ പീരിഡിൽ ഈറ്റ ശേഖരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ